സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ഭരണം കാര്യക്ഷമമാക്കുന്നത് - സബ്ഗ്രൂപ്പുകളിലെ ഒഴിവുള്ള തസ്തികകളിൽ ഓഫീസുകളിൽ ജോലി നോക്കുന്ന സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതും ഓഫീസുകളിലെ ഒഴിവുള്ള തസ്തികകളിൽ 2015 ഒക്ടോബർ 31 ന് ശേഷം റിട്ടയർ ചെയ്തവരെ നിയമിക്കുന്നത് സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3185/16/Est-I** നന്തൻകോട്, **09/08/2016**

---

പരാമർശം :- (1) ബഹു: ഹൈക്കോടതിയുടെ 01-11-2015 ലെ DBA No. 8 of 2015 ഉത്തരവ്.

(2) 05-02-2016 ലെ മേൽ നമ്പർ ഉത്തരവ്.

(3) 22-03-2016 ലെ ROC 87/12/Est-1 നമ്പർ ഉത്തരവ്.

(4) ദേവസ്വം കമ്മീഷണറുടെ 28-04-2016 ലെ ROC 1761/13/Est-A നമ്പർ റിപ്പോർട്ട്.

(5) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 23-05-2016 ലെ FAO 192/16/IAD നമ്പർ റിപ്പോർട്ട്.

(6) ബഹു: ഹൈക്കോടതിയുടെ 10-06-2016 ലെ WP(C) No. 9599 of 2016 ഉത്തരവ്.

(7) 04.08.2016 ലെ കോൺഫറൻസ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ലറിക്കൽ/സബ്ഗ്രൂപ്പ് ആഫീസർ വിഭാഗത്തിലെ നിയമനം നടന്നിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതിനാൽ സബ്ഗ്രൂപ്പുകളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇത് ദേവസ്വം ഭരണത്തിന്റെ കാര്യക്ഷമത ഇല്ലാതാക്കുന്നതിന് പുറമെ ദേവസ്വം റവന്യൂ നഷ്ടം വരുത്തുകയും ചെയ്യുന്നു. ദേവസ്വം ഭരണം കാര്യക്ഷമമാക്കുന്നതിലേക്കും റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനും സബ്ഗ്രൂപ്പുകൾ ഒഴിച്ചിടുന്ന അവസ്ഥ ഒഴിവാക്കേണ്ടത് അനിവാര്യമാണെന്ന് ബോർഡ് കരുതുന്നു. ആകയാൽ മേലിൽ സബ്ഗ്രൂപ്പുകൾ ഒഴിച്ചിരുന്ന അവസ്ഥ ഒഴിവാക്കുന്നതിന് തീരുമാനിച്ചും പരാമർശം 1, 6 എന്നീ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകൾ പ്രകാരവും പരാമർശം 4 ലെ ദേവസ്വം കമ്മീഷണറുടേയും പരാമർശം 5 ലെ ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടേയും റിപ്പോർട്ടുകളുടെ വെളിച്ചത്തിലും ചുവടെ വിവരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ആഫീസുകളിൽ ജോലി നോക്കുന്ന സ്ഥിരം ഉദ്യോഗസ്ഥരെ ഒഴിവുള്ള ദേവസ്വങ്ങളിൽ നിയമിക്കുന്നതിനും ബഹു: ഹൈക്കോടതിയുടെ പരാമർശം (1) (6) എന്നീ ഉത്തരവും പ്രകാരം സർവ്വീസിൽ നിന്നും വിരമിച്ച സന്നദ്ധതയുള്ളവരേയും പരാമർശം 6 ലെ പെറ്റീഷനേഴ്സിനേയും കോൺട്രാക്ട് അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ആഫീസുകളിൽ ഒഴിവുള്ള തസ്തികകളിൽ നിയമിക്കുന്നതിനും ആഡിറ്റ് വിഭാഗത്തിൽ ടി പ്രകാരം വിരമിച്ച പരിചയസമ്പന്നരായ പുരുഷ ജീവനക്കാരെ നിയമിക്കുന്നതിനും

(മറുപുറം)

ശാന്തിക്കാരുടെ ഒഴിവുകൾ റിട്ടയർ ചെയ്യുന്ന ശാന്തിക്കാരെ ടി ഉത്തരവ്പ്രകാരം നില നിർത്തി ക്രമീകരിക്കുന്നതിനും അപ്രകാരം നിയമിക്കപ്പെടുന്നവർക്കുള്ള അലവൻസ് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു. പ്രസ്തുത ഉത്തരവ് പരാമർശം (7) ലെ തീരുമാന പ്രകാരം ദേവസ്വം കമ്മീഷണർ 2016 ആഗസ്റ്റ് 31 നകം നടപ്പിൽ വരുത്തേണ്ട താണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ – നടപടിക്കായി
2. All Heads of Offices EDP Section
3. The Petitioners
4. Est-2 Section, Board Office
5. Account Section, Board Office
6. Mis-1 & III Section, Board Office
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

SK